"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - വകുപ്പുതല വർക്കിങ് ഗ്രൂപ് - ഇക്കോടൂറിസം - 'അപ്ഗ്രഡേഷൻ ഓഫ് തെന്മല ഇക്കോടൂറിസം പ്രോജക്റ്റ്, കൊല്ലം ജില്ല'- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.324/2024/TSM തീയതി, തിരുവനന്തപുരം, 07-07-2024

---

പരാമർശം:
1. 07.09.2007-ലെ സ. ഉ. (അ) 408/2007/ധന. -
2. 30.07.2014-ലെ സ. ഉ. (അ) 311/2014/ധന.
3. 08.01.2015-ലെ സ. ഉ. (അ) 11/2015/ധന.
4. 11.06.2018-ലെ സ. ഉ. (അ) 88/2018/ധന.
5. 03.08.2018-ലെ സ. ഉ. (അ) 118/2018/ധന.
6. 30.05.2019-ലെ സ. ഉ. (കൈ) 3/2019/ടൂറിസം.
7. 28.04.2021-ലെ സ. ഉ. (അ) 67/2021/ധന.
8. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 12.06.2024-ലെ ഡിഒടി/1717/2024 - പി5 നമ്പർ കത്ത്.
9. 27.06.2024-ലെ വകുപ്പുതല വർക്കിങ് ഗ്രൂപ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

രാജ്യത്തെ ആദ്യത്തെ ആസൂത്രിത ഇക്കോടൂറിസം കേന്ദ്രമാണു കൊല്ലം ജില്ലയിൽ പശ്ചിമഘട്ട മലനിരകളുടെ അടിവാരത്തിൽ സ്ഥിതി ചെയ്യുന്ന തെന്മല. സന്ദർശകർക്കായി ഉല്ലാസ മേഖല, സാംസ്കാരിക മേഖല, സാഹസിക മേഖല, ശലഭോദ്യാനം, മാൻ പുനഃരധിവാസ കേന്ദ്രം, വന്യജീവി സങ്കേതത്തിലെ ജലാശയത്തിൽ ബോട്ടിങ് തുടങ്ങിയവയാണു വിനോദ സഞ്ചാര വകുപ്പിന്റെ സഹായത്തോടെ തെന്മല ഇക്കോടൂറിസം പ്രമോഷൻ സൊസൈറ്റി (TEPS) സജ്ജീകരിച്ചിരിക്കുന്നത്.

**(2).** തെന്മലയിൽ നിലവിലുള്ള സൗകര്യങ്ങൾ നവീകരിക്കാനായി ഏഴു ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രൊപ്പോസൽ, വകുപ്പ്തല വർക്കിങ് ഗ്രൂപ് മുമ്പാകെ പരാമർശം (8) നൊപ്പം വിനോദ സഞ്ചാര ഡയറക്ടർ സമർപ്പിച്ചിരുന്നു.

വിനോദ സഞ്ചാര വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതി ഒൻപതു മാസത്തിനകം പൂർത്തിയാക്കാനാവുമെന്നും പദ്ധതിക്കുള്ള ചെലവ് '3452 – 01 – 102 – 95 – പരിസ്ഥിതി ടൂറിസം ഉൽപന്നങ്ങളുടെ വികസനം - പി (വി)' എന്ന ശീർഷകത്തിൽ വകയിരുത്താമെന്നും വിനോദ സഞ്ചാര ഡയറക്ടർ അറിയിച്ചിരുന്നു.

**(3).** 27.06.2024ൽ ചേർന്ന വകുപ്പ്തല വർക്കിങ് ഗ്രൂപ് യോഗം ഈ നിർദേശം വിശദമായി പരിശോധിക്കുകയും ₹. 7,00,000/- ചെലവ് പ്രതീക്ഷിക്കുന്ന 'അപ്ഗ്രഡേഷൻ ഓഫ് തെന്മല ഇക്കോടൂറിസം പ്രോജക്ട്, കൊല്ലം ജില്ല'എന്ന പദ്ധതി അംഗീകരിക്കുകയും ചെയ്തു.

**(4).** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സിവിൽ, ഇലക്ട്രിക്കൽ ജോലികൾ ഉൾപ്പെടുന്ന 'അപ്ഗ്രഡേഷൻ ഓഫ് തെന്മല ഇക്കോടൂറിസം പ്രോജക്ട്, കൊല്ലം ജില്ല' എന്ന പദ്ധതിക്ക് സൂപ്പർവിഷൻ ചാർജും നികുതി ബാധ്യതയുമടക്കം '3452 – 01 – 102 – 95 – പരിസ്ഥിതി ടൂറിസം ഉൽപന്നങ്ങളുടെ വികസനം - പി (വി)' എന്ന ശീർഷകത്തിൽ നിന്ന് 7,00,000/- (ഏഴ് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു,

**(5).** പരാമർശ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിർദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും കർശനമായി പാലിച്ച് വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കുന്ന പദ്ധതി ഒൻപത് മാസത്തിനകം പൂർത്തിയാവുന്നെന്നും പദ്ധതിയുടെ നടപ്പ് സാമ്പത്തിക വർഷത്തെ ചെലവ് '3452 – 01 – 102 – 95 – പരിസ്ഥിതി ടൂറിസം ഉൽപന്നങ്ങളുടെ വികസനം - പി (വി)'എന്ന ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതത്തെ അധികരിക്കുന്നില്ലെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡി.ജഗദീഷ്**

അഡിഷണൽ സെക്രട്ടറി

പകർപ്പ്:

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം - 695 033

ചീഫ് എക്സിക്യൂട്ടീവ്, തെന്മല ഇക്കോടൂറിസം പ്രമോഷൻ സൊസൈറ്റി (TEPS), ടി. സി. 26/849 (1), സർവകലാശാല വനിതാ ഹോസ്റ്റൽ ജംക്ഷൻ, വഴുതയ്ക്കാട്, തിരുവനന്തപുരം - 695 014

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം - 695 001

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II) കേരളം, തിരുവനന്തപുരം - 695 001

ധനകാര്യ വകുപ്പ്

ആസൂത്രണ, സാമ്പത്തികകാര്യ വകുപ്പ്
വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫിസ് കോപ്പി/കരുതൽ ഫയൽ (നമ്പർ: ഇ 2845531/ടൂർ - എ3/202/2024 -ടൂർ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി. എസ്സ്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എസ്സ്

Signed by Archana T
Date: 07-07-2024 10:28:47